# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/2796/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം (ഇ.മെയിൽ മുഖേന)
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.4/2796/2023 തീയ്യതി: 22/12/2023

## മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ സി.പി. (ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്)
ശ്രീ. അമീൻ ഫൈസൽ ടി.ടി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. ഷീബ പി. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി.ശ്രീജ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജയരാജൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 07-04-2022 |
| ശ്രീ. സന്തോഷ് എ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2022 | 10-05-2022 |
| ശ്രീ. കേശവദാസ്.പി | സെക്രട്ടറി | 11-05-2022 | 31-07-2022 |
| ശ്രീമതി. അംബിക.വി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2022 | 25-10-2022 |
| ശ്രീ. ശ്രീകുമാർ സി.വി. | സെക്രട്ടറി | 26-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ.എൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. സിനിമോൻ.സി.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ആബിദ അബ്ദുൾകരീം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കരുവാരകുണ്ട്.) | 01-04-2022 | 31-03-2023 |
| ഡോ.ജസീല വി . | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കാളികാവ്.) | 01-04-2022 | 05-05-2022 |
| ഡോ. മുഹമ്മദ് സിജി പി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കാളികാവ്.) | 06-05-2022 | 18-05-2022 |
| ഡോ.മുഹമ്മദ് നജീബ് പി. യു. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കാളികാവ്.) | 19-05-2022 | 31-03-2023 |
| ശ്രീ. മഹേഷ്.പി.എസ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 20-08-2022 |
| ശ്രീ. നിജാഷ് ബാബു കെ. പി. | പട്ടികജാതി വികസന ഓഫീസർ | 21-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.സുനിൽ എം.എസ് | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 10-06-2022 |
| ശ്രീ. മധു ടി. | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 11-06-2022 | 31-03-2023 |
| ശ്രീമതി. സജിത.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 16-11-2022 |
| ശ്രീമതി. ദിവ്യ. ജി.എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2022 | 05-02-2023 |
| ശ്രീമതി. നസീമ കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ-ഇൻ ചാർജ് | 06-02-2023 | 31-03-2023 |
| ശ്രീ. സന്തോഷ് കുമാർ. എൻ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗീത ആർ. ചന്ദ്രൻ | കൃഷി അസി. ഡയറക്ടർ | 01-04-2022 | 19-06-2022 |
| | | 18-07-2022 | 31-03-2023 |
| ശ്രീ. ഷഫീഖ് എം. | കൃഷി അസി. ഡയറക്ടർ-ഇൻ ചാർജ് | 20-06-2022 | 17-07-2022 |
| ശ്രീമതി.സുബൈദ.പി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | വാടക രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ബാധ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-10 |
| 12 | ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | Miscellaneous Receipt ഇനത്തിലെ വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം. | 1-3 |
| 16 | ഫണ്ട് വിനിയോഗം. | 1-4 |
| 17 | പദ്ധതി അവലോകനം. | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 19 | ക്ഷേമപദ്ധതി. | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 23 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം. | 1-11 |

| | | |
|---|---|---|
| 24 | പഠനമുറി(എസ്.സി)- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. | 1-12 |
| 25 | എസ്.ടി.വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. | 1-13 |
| 26 | മരാമത്ത് പ്രവർത്തികളിൽ അധിക നിരക്കിൽ GST നൽകി-ഓഡിറ്റ് പരാമർശത്തെ തുടർന്ന് 27,685/- രൂപ അടവാക്കി | 1-14 |
| 27 | ഡ്രൈനേജ് നിർമ്മാണം-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി. | 1-15 |
| 28 | കാളികാവ് CHC-യിലേക്ക് മരുന്ന് വാങ്ങൽ- 2,49,297/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നു | 1-16 |
| 29 | കിളിക്കോട് എസ്. സി കോളനി കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമല്ല. | 1-17 |
| 30 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാഷ്ബുക്ക് പരിപാലനം- അപാകതകൾ | 1-18 |
| 31 | ബ്ലോക്ക് ഓഫീസിന്റെ മുകളിലുള്ള ഓഡിറ്റോറിയം നവീകരണം- അധികച്ചെലവ്. | 1-19 |
| 32 | മൈലാടി പറാട്ടിക്കുണ്ട് കുടിവെള്ള പദ്ധതി - അധികച്ചെലവ് | 1-20 |
| 33 | ലൈഫ് (PMAY)- ഭവന നിർമ്മാണം- 42,000/- രൂപ അധികം നൽകി. | 1-21 |
| 34 | ലൈഫ് (PMAY)- ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 35 | വാങ്ങലുകൾക്ക് TDS ഈടാക്കിയില്ല. | 1-23 |
| 36 | കരുവാരകുണ്ട് CHC-യിലേക്ക് മരുന്ന് വാങ്ങൽ- 90,047/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നു | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബ്ലോക്ക് ഓഫീസിന്റെ മുകളിലുള്ള ഓഡിറ്റോറിയം നവീകരണം- അധികച്ചെലവ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023ലെ 4(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി

ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 22-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർത്ത അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൌണ്ടുകളുടെ റീകൺസിലിയേഷന്റെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

| ക്രമ നമ്പർ | അക്കൌണ്ട് | AFS ലെ ഷെഡ്യൂൾ RP 40 B പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | IAY Plan Fund Canara | 2661/- |
| 2 | PNB-TSC | 89460/- |
| 3 | 15th CFC Grant-South Indian Bank | 19798316/- |

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

### 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ -7721805/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 365167/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ല

പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-8 അഡ്വാൻസ് രജിസ്റ്റർ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ Temporary Advance For Official Purpose ഇനത്തിൽ രേഖപ്പെടുത്തിയ 22, 20,605/- രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-9 വാടക രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

വാടക ഇനത്തിൽ 60000/- രൂപ ഡിമാന്റ്, 60000/- രൂപ തൻവർഷ കളക്ഷൻ, 4000/- രൂപ കുടിശ്ശിക കളക്ഷൻ ബാലൻസ് എന്നിങ്ങനെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-10 ബാധ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ 311710199 – Other Trust Or Agency Funds എന്ന ശീർഷകത്തിൽ 58,848/- രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഫണ്ട് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-11 ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Total Sanitation Campaign നീക്കിയിരിപ്പ് ഷെഡ്യൂൾ B-17 പ്രകാരം 89,460/- രൂപയാണ്. എന്നാൽ ആയത് ഷെഡ്യൂൾ B-4 പ്രകാരം 4,742/- രൂപയാണ്. തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-12 Miscellaneous Receipt ഇനത്തിലെ വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഷെഡ്യൂൾ RP-10 പ്രകാരം Miscellaneous Receipt എന്ന ഇനത്തിൽ 43,250/- രൂപ വരവുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) / 26.03.2022 | ലഭ്യമാക്കിയിട്ടില്ല. |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 22082229 |
| വരവ് | 124347566 |
| ആകെ | 146429795 |
| ചെലവ് | 123982399 |
| നീക്കിയിരിപ്പ് | 22447396 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 41916231 | 41916231 | 35633656 | 6282575 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 23870002 | 23870002 | 17840102 | 6029900 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 6455767 | 6455767 | 5558012 | 897755 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 11044000 | 11044000 | 6995854 | 4048146 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 17386897 | 17386897 | 7908972 | 9477925 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 9452410 | 9452410 | 7095849 | 2356561 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 172 | 175341998 | 118 | 90447556 | 54 | 68.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

ബാധകമല്ല.

## 1-7 ക്ഷേമപദ്ധതി.

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2023ന്

12pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ഈ റിപ്പോർട്ടിൽ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ, പ്രവർത്തന മികവിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സ്ഥാപനത്തിന് ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ, നയങ്ങൾ എന്നിവയുടെ പാലനം ശരിയായ രീതിയിൽ നടക്കുന്നുണ്ടോ, പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും ഫലപ്രാപ്തിയും ഉണ്ടോ, വിശ്വസനീയമായ സാമ്പത്തിക റിപ്പോർട്ടിങ് നടത്തുന്നുണ്ടോ എന്നുള്ള പരിശോധനയാണ് ആഭ്യന്തര നിയന്ത്രണം ( Internal Control) എന്ന ഓഡിറ്റ് ഹെഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ഥാപന തലത്തിലും ഇടപാട് തലത്തിലുമുള്ള നിയന്ത്രണങ്ങളാണ് പരിശോധിക്കുന്നത്. സ്ഥാപനത്തിന്റെ പൊതുവായതും ധനകാര്യ ഇടപാടുകൾ സംബന്ധിച്ചതുമായ പ്രവർത്തനങ്ങളിൽ ബാധകമായ നിയമങ്ങളും നിയന്ത്രണനിർദ്ദേശങ്ങളും സ്ഥാപനതലത്തിലും ഇടപാട് തലത്തിലും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കുക, പ്രവർത്തനങ്ങളിലും ധനകാര്യ ഇടപാടുകളുടെ നടപടിക്രമങ്ങളിലും റിപ്പോർട്ടിങ്ങിലും സംഭവിച്ചേക്കാവുന്ന ആപത്സാദ്ധ്യതകൾ തിരിച്ചറിയുക, വിശകലനം ചെയ്യുക, നിയന്ത്രണവിധേയമാക്കുക, എല്ലാ ഇടപാടുകളുടേയും മൂല്യ നിർണ്ണയം, തുടർനടപടികൾ എന്നിവ നടത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക എന്നിവയെല്ലാമാണ് ഈ മേജർ ഹെഡ്ഡിന്റെ പരിശോധനയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ശ്രദ്ധയിൽ കൊണ്ടു വരുന്ന പ്രധാന കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. കൂടാതെ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
2. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ രണ്ടു മൂന്നു തവണ യോഗം ചേരുന്നത് ഒഴികെ ചുമതല നിറവേറ്റുന്നില്ല.
3. ഡെപ്പോസിറ്റ്, അഡ്വാൻസ് വിവരങ്ങൾ ശരിയായി രജിസ്റ്ററുകളിൽ (ഡെപ്പോസിറ്റ്, അഡ്വാൻസ്) രേഖപ്പെടുത്തുന്നില്ല.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള SBI കാളികാവ് ബ്രാഞ്ചിലെ അക്കൗണ്ട് നം. 38489617719ലെ ഇടപാടുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
5. സെക്രട്ടറി ഉൾപ്പെടെ പല നിർവഹണ ഉദ്യോഗസ്ഥരും ഇ-ബിൽ ബുക്ക് സൂക്ഷിക്കുന്നില്ല. പ്രിന്റഡ് ബിൽ ബുക്ക് ലഭ്യമല്ലാത്ത എല്ലാ നിർവഹണ ഉദ്യോഗസ്ഥരും അവരവരുടെ DDO Code പ്രകാരമുള്ള E-Bill Book ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
6. ഭരണ ഘടനാ ഭേദഗതി പ്രകാരം രൂപീകൃതമായ ബ്ലോക്ക് പഞ്ചായത്തിന്റെ നിർവഹണ അധികാരിയായ സെക്രട്ടറി പ്രസ്തുത ഉദ്യോഗത്തിന്റെ അടിസ്ഥാനത്തിൽ (Ex-Officio) ലഭ്യമായ മറ്റു ചുമതലകൾ നിർവഹിക്കുമ്പോൾ ആയത് സെക്രട്ടറിയുടെ ഓഫീസ് നടപടിക്രമം, കണക്കെഴുത്ത്, അധികാരങ്ങൾ, ചുമതലകൾ എന്നിവയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഈടാക്കിയ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്താതെ നേരിട്ട് E-TR5 Receipt മുഖേന ട്രഷറിയിൽ അടവാക്കിയ തെറ്റായ നടപടി ഇക്കാര്യത്തിലെ അപാകതയുടെ ഉദാഹരണമാണ്.) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഏകീകരണത്തിനു ശേഷവും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിരുന്നു.
7. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലെക്സിലെ ചില മുറികൾ കാലങ്ങളായി ഒഴിഞ്ഞു കിടക്കുന്നതും, അസി. എക്സി. എഞ്ചിനിയറുടെ ബാങ്ക് എക്കൗണ്ടിൽ കിടക്കുന്ന തുക തനതു ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിക്കാത്തതും ഇക്കാര്യത്തിലെ അലംഭാവത്തിന് ഉദാഹരണമാണ്. തനതു ഫണ്ടിൽ ലഭിക്കേണ്ട തുകകൾ അതാതു സാമ്പത്തിക വർഷത്തിൽ ലഭിക്കാതിരുന്നാൽ നിയമ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8. പഞ്ചായത്ത് രാജ് നിയമത്തിലെ രണ്ടാം പട്ടിക പ്രകാരമുള്ള എല്ലാ ചുമതലകളും അധികാരങ്ങളും അധികാരസ്ഥാനങ്ങളും ഉപയോഗപ്പെടുത്തി പദ്ധതികൾ നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. പട്ടിക വർഗ ജനസംഖ്യ കൂടുതലുള്ള ഈ ബ്ലോക്ക് പഞ്ചായത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പഠനമുറി നിർമാണം എന്ന പ്രൊജക്ട് മാത്രമാണ് നടപ്പാക്കിയത് എന്നത് വിശദീകരിക്കപ്പെടേണ്ട അലംഭാവമാണ്.
9. പ്രൊജക്ടുകൾ പ്രകാരം നടപ്പാക്കപ്പെടുന്ന ഇനങ്ങൾക്ക് നിയമപ്രകാരമുള്ള ലൈസൻസുകളും നടപടിക്രമങ്ങളും പാലിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർ മാർഗനിർദ്ദേശവും സഹായവും നൽകേണ്ടതാണ്. ഭവന നിർമ്മാണ പദ്ധതികൾക്ക് കെട്ടിട നിർമ്മാണാനുമതി, കെട്ടിട നമ്പർ എന്നിവയും തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമ പഞ്ചായത്ത്, വ്യവസായ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടങ്ങിയവരുടെ ലൈസൻസുകളും പ്രൊജക്ടുകളുടെ നിർവഹണത്തിന്റെ ഭാഗമായിത്തന്നെ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടായിരിക്കേണ്ടതാണ്.
10. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ പ്രകാരം സ്ഥാപിതമായ എല്ലാ പൊതു ഭൗതികാസ്തികളിലും ബ്ലോക്ക് പഞ്ചായത്തിന്റെ പേരും പ്രൊജക്ടിന്റെ പേര്, നമ്പർ, അടങ്കൽ, ചെലവ് എന്നിവയും സ്ഥിരമായി എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
11. ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്ററുകളിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരം പൂർണ്ണമായി

എഴുതിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിൽ സ്ഥാപനം കൈക്കൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2023 | 01.04.2021 മുതൽ 31.03.2022 വരെ | 10.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.05.2023 | 01.04.2020 മുതൽ 31.03.2023 വരെ | 10.07.2023 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 132/20 വ്യവസായ എസ്റ്റേറ്റിൽ ആവശ്യമായ അടിസ്ഥാന ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 2019-20 | KSEB | 1200030 | വികസന ഫണ്ട് ജനറൽ | 650030 | 550000 |
| 2 | 140/20, കാളികാവ് സി.എച്ച്.സിയിൽ സോളാർ പാനൽ സ്ഥാപിക്കൽ | 2019-20 | ANERT | 1297259 | വികസന ഫണ്ട് ജനറൽ | 0 | 1297259 |
| 3 | 142/20, മുണ്ടക്കോട് നീലിയോട്ടിൽ കുടിവെള്ള പദ്ധതി ഒ വൈ സി അടവാക്കുന്നതിന് | 2019-20 | KSEB | 10000 | വികസന ഫണ്ട് ജനറൽ | 6822 | 3178 |
| 4 | 149/20, പുതുതായി നിർമ്മിക്കുന്ന കാളികാവ് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലേക്ക് കെഎസ്ഇബി ലൈന് വലിക്കലും കുഴൽ കിണർ കുഴിക്കലും മോട്ടോർ സ്ഥാപിക്കലും | 2019-20 | KSEB | 270000 | വികസന ഫണ്ട് ജനറൽ- 90000, തനത് ഫണ്ട്- 180000 | 76607 | 193393 |
| 5 | 75/21, എസ് സി കോളനികളിൽ സൗരോർജ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2020-21 | ANERT | 1066113 | വികസന ഫണ്ട് ജനറൽ | 0 | 1066113 |
| 6 | 76/21, എസ്ടി കോളനി കളിൽ സൗരോർജ മിനി ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2020-21 | ANERT | 627000 | വികസന ഫണ്ട് ജനറൽ- 39240 , വികസന | 0 | 627000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഫണ്ട് (T.S.P) - 587760 | | |
| 7 | 171/23, പുതുതായി നിർമ്മിക്കുന്ന കാളികാവ് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലേക്ക് കെഎസ്ഇബി ലൈന് വലിക്കലും കുഴൽ കിണർ കുഴിക്കലും മോട്ടോർ സ്ഥാപിക്കലും | 2020-21 | KSEB | 193393 | വികസന ഫണ്ട് ജനറല് - 13393 , തനത് ഫണ്ട് - 180000 | 0 | 193393 |
| 8 | 82/22, കാളികാവ് ബ്ലോക്ക് ഓഫീസിൽ സോളാർ പ്ലാൻറ് സ്ഥാപിക്കൽ | 2021-22 | ANERT | 561083 | വികസന ഫണ്ട് ജനറൽ | 555500 | 5583 |
| 9 | 129/22, പുതുതായി നിർമ്മിക്കുന്ന കാളികാവ് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലേക്ക് കെഎസ്ഇബി ലൈന് വലിക്കലും കുഴൽ കിണർ കുഴിക്കലും മോട്ടോർ സ്ഥാപിക്കലും | 2021-22 | KSEB | 180000 | തനത് ഫണ്ട്- | 0 | 180000 |
| ആകെ | | | | | | | 41,15,919/- |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിലായി വിവിധ ഏജൻസികളിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 പഠനമുറി(എസ്.സി)- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

1) പ്രൊജക്ട് നം.163/23 – SCവിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ- 24,00,000 (SCP)

ചെലവ്- 19,50,000

2) പ്രൊജക്ട് നം.63/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ- 60,000 (SCP)

ചെലവ്- 40,000

പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം കൈപ്പറ്റിയ, താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു. ഒരു ഗുണഭോക്താവിന് ആകെ നൽകുന്ന ധനസഹായം 2 ലക്ഷം രൂപയാണ്.

| ക്രമ നം. | പേര് | കൈപ്പറ്റിയ തുക | BRN / Amount |
|---|---|---|---|
| 1 | സുധാകരൻ, തെക്കുന്നമ്മൽ, ഉവ്വൂർ | 1,25,000 | 1) 22151363021401053407/20-01-2023 Rs. 50,000<br>2) 23151363021400364823/29-7-23 Rs. 75,000 |
| 2 | സുന്ദരൻ, പരതോട്ടിൽ, ഉവ്വൂർ | 1,25,000 | 1) 22151363021400819546/9-12-22 Rs. 50,000<br>2) 22151363021401212083/27-2-23 Rs. 75,000 |

(അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.

16/15-12-2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.) അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 എസ്.ടി.വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

1) പ്രൊജക്ട് നം.114/23 – STവിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം

അടങ്കൽ- 18,00,000 (TSP)

ചെലവ്- 15,75,000

2) പ്രൊജക്ട് നം.62/23 – STവിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ- 5,34,174 (TSP)

ചെലവ്- 3,00,000

ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മുകളിൽ കാണിച്ച പദ്ധതികൾ പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം കൈപ്പറ്റിയ, താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു. ഒരു ഗുണഭോക്താവിന് ആകെ നൽകുന്ന ധനസഹായം 2 ലക്ഷം രൂപയാണ്.

| ക്രമ നം. | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | തങ്കമണി ബാലചന്ദ്രൻ | 1,25,000 |
| 2 | മുകേഷ് | 1,25,000 |
| 3 | ഗോപാലൻ | 1,25,000 |
| 4 | ബേബി | 1,25,000 |
| 5 | ശ്രീദേവി | 1,25,000 |
| 6 | ഗിരിജ | 1,25,000 |
| 7 | തങ്ക | 1,25,000 |
| 8 | ഷിജു | 1,25,000 |
| 9 | രാജേഷ് | 1,25,000 |
| 10 | സതീഷ് | 1,25,000 |

(1) ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) ഓരോ ഗുണഭോക്താവിനും ഗഡുക്കൾ നൽകുമ്പോൾ പ്രസ്തുത വ്യക്തികളുടെ വിവരവും പ്രൊജക്ട് നമ്പരും ബിൽ നമ്പരും കാഷ് ബുക്ക്, ഗഡുക്കളുടെ വിവരം ചേർക്കുന്ന രജിസ്റ്റർ, ഫയൽ എന്നിവയിൽ ചേർക്കേണ്ടതാണ്.

(3) ട്രഷറി BIMS ൽ നിന്നും E-Bill Book അല്ലെങ്കിൽ മാനുവൽ ബിൽ ബുക്ക് ഹാജരാക്കേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/15-12-2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.) വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 മരാമത്ത് പ്രവർത്തികളിൽ അധിക നിരക്കിൽ GST നൽകി-ഓഡിറ്റ് പരാമർശത്തെ തുടർന്ന് 27,685/- രൂപ അടവാക്കി

മരാമത്ത് പ്രവൃത്തികളിൽ 18% GST അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണറുടെ 11.08.2022-ലെ CT/6527/2022-C9 നമ്പർ കത്ത് പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്. പ്രസ്തുത കത്ത് പ്രകാരം ഇൻവോയിസ് തിയ്യതിയും പെയ്മെന്റ് തിയ്യതിയും 18.07.2022ന് ശേഷമാണ് വരുന്നതെങ്കിൽ മാത്രമേ കൂടിയ നിരക്കിലുള്ള GSTക്ക് അർഹതയുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ ഫസ്റ്റ് പാർട്ട് ബില്ലിൽ കരാറുകാരന് 12% ജി എസ് ടി അനുവദിക്കുകയും തുടർന്ന് ഫൈനൽ ബിൽ നൽകിയപ്പോൾ പാർട്ട് ബിൽ തുകക്കുകൂടി ഉയർന്ന നിരക്കിൽ (18%) ജി എസ് ടി അനുവദിച്ചിട്ടുണ്ട്. പാർട്ട് ബില്ലിന് തെറ്റായ നിരക്കിൽ GST അനുവദിച്ചത് മൂലമുണ്ടായ 27,685/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (എൻക്വയറി നം. 1/12.12.2023)അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | പാർട്ട് ബില്ലിൽ അനുവദിക്കാവുന്ന ജി എസ് ടി തുക (12% നിരക്കിൽ) | ഫൈനൽ ബില്ലിൽ അനുവദിച്ച ജി എസ് ടി തുക (18% | അധികം നൽകിയ തുക | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നിരക്കിൽ, പാർട്ട് ബിൽ തുക ഉൾപ്പെടെ) | | |
| 49/23 അഞ്ചച്ചവിടി ജി.എച്ച്.എസ്.എസ് പാചകപ്പുര | 18975/- | 28463/- | 9488/- | TR5 Receipt No. ETR002384730202324/14.12.2023 |
| 28/23 പുന്നക്കാട് ജി.എൽ.പി. എസ്. സ്കൂളിൽ പെൺകുട്ടികൾക്ക് ശുചിമുറി നിർമാണം | 36393/- | 54590/- | 18197/- | TR5 Receipt No. ETR002384730202324/14.12.2023 |

ബില്ലുകൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 ഡ്രൈനേജ് നിർമ്മാണം-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | നീക്കം ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|
| 1 | പ്രൊജക്ട് നം, പേര് 97/23, മരുതത്ത് വിലങ്ങംപൊയിൽ റോഡ് ഡ്രൈനേജ്<br>ടി എസ് നം.16427/2022-23/18.09.2022<br>ബിൽ റഫറൻസ് നം./തിയതി 22151363021601495331/27.03.23 കരാറുകാരൻ ശ്രീ. റഹ്മത്തുള്ള.എൻ.കെ, ഫണ്ട് – CFC ഗ്രാന്റ് | 49.815 $M^3$ |
| 2 | പ്രൊജക്ട് നം, പേര് 42/23 പൂക്കോട്ടുംപാടം-നടുക്കുന്ന് റോഡ് ഡ്രൈനേജ്<br>ടി എസ് നം. 41454/2021-22/07.10.2021 ബിൽ റഫറൻസ് നമ്പർ/ തീയതി 22151363021601146453/06.02.2023 കരാറുകാരൻ ശ്രീ. സെയ്ഫുള്ള (KH CONTRACTORS) ഫണ്ട് – CFC ഗ്രാന്റ് | 128.821 $M^3$ |
| 3 | പ്രൊജക്ട് നം, പേര് 43/23 മൈലമ്പാറ തെക്കേമുണ്ട ചുള്ളിയോട്കുന്ന് ഡ്രൈനേജ്<br>ടി എസ് നം.28215/2021-22/12.09.2021 വൗച്ചർ നമ്പർ/ തീയതി 22200062/ 01.06.2022 കരാറുകാരൻ ശ്രീ. ഇഖ്ബാൽ.ടി.കെ, ഫണ്ട് – CFC ഗ്രാന്റ് | 208.78 $M^3$ |
| 4 | പ്രൊജക്ട് നം, പേര് 44/23 അക്കരപ്പുറം ചെറയക്കോട് റോഡ് ഡ്രൈനേജ്<br>ടി എസ് നം. 38231/2021-22/03.10.2021 വൗച്ചർ നമ്പർ/ തീയതി 22200433/02.03.2023 കരാറുകാരൻ ശ്രീ. ഇഖ്ബാൽ.ടി.കെ, ഫണ്ട് – CFC ഗ്രാന്റ് | 77.12 $M^3$ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻക്വയറി നം. 2,6,7,8/12.12.2023) വാക്കാൽ ലഭ്യമാക്കിയ മറുപടിയിൽ JCB/ഹിറ്റാച്ചി ഉപയോഗിച്ചാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളത് എന്ന് A.E. അറിയിച്ചു. JCB ഉപയോഗിച്ച മേൽ പ്രവൃത്തികൾക്ക് മാന്വലായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് നൽകിയത് ക്രമപ്രകാരമല്ല. MoRD-ൽ അനുയോജ്യമായ ഇനം ഇല്ലാത്ത സാഹചര്യങ്ങളിൽ OD പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-16 കാളികാവ് CHC-യിലേക്ക് മരുന്ന് വാങ്ങൽ- 2,49,297/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ

അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (കാളികാവ് CHC) നിർവ്വഹണം നടത്തിയ കാളികാവ് CHC-യിലേക്ക് മരുന്ന് വാങ്ങൽ (142/23) എന്ന പ്രൊജക്ട് പ്രകാരം CHC- യിലേക്ക് മരുന്ന് വാങ്ങുന്നതിന് 1100000/- രൂപ KMSCL – ന് നൽകിയിട്ടുണ്ട്. ആയതിൽ 249297/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 1827221/ 1827221 (MG Non Road) |
| പെർഫോർമ ഇൻവോയിസ് | 1). PRF/2617/28.11.2022- Rs. 500000/-<br>2). PRF/1672/15.10.2022- Rs. 600000/- |
| Bill No | 22151363020900931994/19.12.2022 , Rs.500000/-<br>22151363020900814190/23.11.2022 , Rs.600000/- |

1. PRF/2617/28.11.2022 പ്രകാരം നൽകിയ 500000/- രൂപയിൽ 19 ഇൻവോയിസുകളിലായി 365198/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 134802/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.
2. PRF/1672/15.10.2022 പ്രകാരം നൽകിയ 600000/- രൂപയിൽ 21 ഇൻവോയിസുകളിലായി 485505/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 114495/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറിക്ക് (15/14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-17 കിളിക്കോട് എസ്. സി കോളനി കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമല്ല.

അസി. എക്സി. എൻജിനീയർ നിർവ്വഹണം നടത്തിയ കിളിക്കോട് എസ്. സി കോളനി കുടിവെള്ള പദ്ധതിക്ക് (57/23) കറണ്ട് കണക്ഷൻ ലഭിക്കാത്തത് മൂലം പ്രവർത്തിക്കുന്നില്ല. എസ്. സി. പി ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ വകയിരുത്തി തുവ്വൂർ പഞ്ചായത്തിലെ 11 എസ് സി കുടുമ്പങ്ങൾക്കും, 5 ജനറൽ വിഭാഗത്തിലെ കുടുമ്പങ്ങൾക്കും കുടിവെള്ളം നൽകലായിരുന്ന പദ്ധതിയുടെ ലക്ഷ്യം. 19,91,636/- രൂപ ചെലവഴിച്ച് കിണർ, വാട്ടർ ടാങ്ക്, മോട്ടോർ, വിതരണ ലൈൻ സ്ഥാപിക്കൽ ഉൾപ്പടെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം മേൽ പ്രവൃത്തികൾ 19.10.2022 -ന് പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 20,00,000/ 19,91,636 |
| ടി എസ് | 86322/2021-22/ 20.02.2022 |
| കരാർ | AEE/KKV/BP/09/2021-22/14.03.2022 |
| എം ബുക്ക് | 75/20-21 |
| വൗച്ചർ | 20800914455/15.12.2022 |
| കരാറുകാരൻ | Rahmathulla |

ഏകദേശം 20 ലക്ഷം രൂപ ചെലവഴിച്ച് ഒരു വർഷം മുൻപ് പൂർത്തീകരിച്ച കുടിവെള്ള പദ്ധതി കറണ്ട് കണക്ഷൻ ലഭിക്കാത്തത് മൂലം പ്രവത്തനക്ഷമമാക്കാൻ കഴിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കറണ്ട് കണക്ഷൻ ലഭ്യമാക്കി പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാഷ്ബുക്ക് പരിപാലനം- അപാകതകൾ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കാളികാവ് ബ്രാഞ്ചിലുള്ള അക്കൗണ്ട് നമ്പർ 38489617719 അക്കൗണ്ടിൽ 12.12.2023ന് 5,30,715.5 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പില്ല. മേൽ തുക ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള തുകകൾ ലഭിക്കുന്ന ദിവസം തന്നെ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുകളിൽ കാണിച്ച 5,30,715.5 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കി ആയതിന്റെ രസീതി ഫയലിൽ സൂക്ഷിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-19 ബ്ലോക്ക് ഓഫീസിന്റെ മുകളിലുള്ള ഓഡിറ്റോറിയം നവീകരണം- അധികച്ചെലവ്.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ബ്ലോക്ക് ഓഫീസിന്റെ മുകളിലുള്ള ഓഡിറ്റോറിയം നവീകരണം (124/23) എന്ന പ്രൊജക്റ്റിൽ ഇനം 7&17 ആയി ഉൾപ്പെടുത്തി ഓഡിറ്റോറിയത്തിലേക്ക് സ്റ്റെയർ നിർമ്മിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 1.6mm കനം ഉള്ള 100*50 – Rectangular Hollow Section (Coefficient- 3.69kg/m) സ്റ്റീൽ പൈപ്പുകളാണ് സ്റ്റെയർ നിർമ്മിക്കാൻ ഉപയോഗിക്കേണ്ടത്. എന്നാൽ 1.4mm കനം ഉള്ള 100*50 – Rectangular Hollow Section (Coefficient- 3.24 Kg/m) സ്റ്റീൽ പൈപ്പുകൾ കൊണ്ടാണ് സ്റ്റെയർ നിർമ്മിച്ചിട്ടുള്ളതെന്ന് 13.12.2023-ന് അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. (കനം 1.4mm എന്ന് പൈപ്പിൽ സീൽ ചെയ്തിട്ടുണ്ട്- Coefficient- 3.24 Kg/m). 1.6mm കനമുള്ള സ്റ്റീൽ പൈപ്പുകൾ ഉപയോഗിച്ചതായി M Book-ൽ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ 24,041/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/14.12.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

*[വിശദവിവരങ്ങൾക്കായി ഖണ്ഡിക 3-1 കൂടി കാണുക].*

## 1-20 മൈലാടി പറാട്ടിക്കുണ്ട് കുടിവെള്ള പദ്ധതി - അധികച്ചെലവ്

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ മൈലാടി പറാട്ടിക്കുണ്ട് കുടിവെള്ള പദ്ധതി (38/23) എന്ന പ്രൊജക്റ്റിൽ ഇനം 10.2 ആയി കിണറിന് Covering Net നിർമ്മിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 6mm കനം ഉള്ള കമ്പികളാണ് Covering Net നിർമ്മിക്കാൻ ഉപയോഗിക്കേണ്ടത്. എന്നാൽ 4mm കനം ഉള്ള കമ്പികൾ കൊണ്ടാണ് Covering Net നിർമ്മിച്ചിട്ടുള്ളതെന്ന് 14.12.2023-ന് അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ (സൈറ്റ് പരിശോധന റിപ്പോർട്ട് 1/2023)ബോധ്യപ്പെട്ടു. 6mm കനമുള്ള കമ്പികൾ ഉപയോഗിച്ചതായി M Book-ൽ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ് /ഫണ്ട് | 1428400/1202409 /CFC ഗ്രാന്റ് |
| ടി എസ് | 85848/2021-22 |
| കരാർ | AE/KKV/BP/04/2021-22/ 08.04.2022 |
| എം. ബുക്ക് നമ്പർ / | 4/2021-22 |
| വൌച്ചർ നമ്പർ / തീയതി | 22200560/30.03.2023 |
| കരാറുകാരൻ | Rahmathulla N.K |

| വിവരണം | തൂക്കം (Kg) |
|---|---|
| M Book-ൽ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയ തൂക്കം (Item 10.2) | 42.99Kg<br>[Coefficient @ 0.222 Kg/$m^{2)}$] |
| M Book-ൽ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തേണ്ടിയിരുന്ന തൂക്കം | 21.32 Kg<br>[Ie, ( Coefficient @ 0.111 Kg/$m^2$ ] |
| അധികം (തൂക്കം) | 21.67 Kg [Ie, 42.99 Kg- 21.32 Kg] |
| നൽകിയ തുക | 5312.25/-<br>[Ie, (42.99 Kg * 104.72/kg – Item Rate Tender) + 18% GST] |
| നൽകാവുന്ന തുക | 2634.5/-<br>[Ie, (21.32 Kg * 104.72/kg – Item Rate Tender) + 18% GST] |
| അധികം നൽകിയ തുക | 2,678/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/15.12.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ലൈഫ് (PMAY)- ഭവന നിർമ്മാണം- 42,000/- രൂപ അധികം നൽകി.

സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈഫ്- പി.എം.എ.വൈ എന്ന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ശ്രീമതി. സാജിത W/o സൈതലവി, തോട്ടുങ്ങൾ വീട്, കവളമുക്കറ്റ പി.ഒ, അമരമ്പലം [Reg ID- KL143556501, ആധാർ നമ്പർ- 426519901373, അക്കൗണ്ട് നമ്പർ- 622053000012038 The South Indian Bank (SIBL0000622)] എന്ന വ്യക്തിക്ക് 42,000/- രൂപ അധികം നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപയാണ് നൽകാവുന്നത്. 2021-22 വർഷത്തിൽ ഭവന നിർമ്മാണത്തിന് കരാർവെച്ച മേൽ ഗുണഭോക്താവിന് 2021-22, 2022-23, 2023-24 വർഷങ്ങളിൽ (പ്രൊജക്ട് നമ്പർ യഥക്രമം 09/22, 56/23, 08/22) 6 ഗഡുക്കളായി 4,42,000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ചെക്ക്, ബിൽ നമ്പർ, തിയ്യതി | നൽകിയ തുക | വിവരണം |
|---|---|---|---|
| 1 | 93067/04.01.2022 | 48,000 | കേന്ദ്ര വിഹിതം |
| 2 | 20701200315/04.02.2022 | 1,12,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 3 | 20700477536/29.08.2022 | 1,12,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 4 | 101542/27.08.2022 | 48,000 | കേന്ദ്ര വിഹിതം |
| 5 | 20700718901/02.11.2022 | 98,000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 6 | 107979/10.03.2023 | 24,000 | കേന്ദ്ര വിഹിതം |
| ആകെ | | 4,42,000 | |

ക്രമ നമ്പർ 2 പ്രകാരം നൽകിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം രജിസ്റ്ററിൽ പോസ്റ്റ് ചെയ്യാത്തത് കൊണ്ടാണ് വീണ്ടും തുക നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളത് (രജിസ്റ്റർ പ്രകാരം ടിയാൻ അവസാന ഗഡു 70,000/- രൂപ നൽകാൻ അവശേഷിക്കുന്നതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്) എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/14.12.2023) ലഭ്യമാക്കിയ മറുപടിയിൽ കക്ഷിക്ക് നൽകിയ രണ്ടാം ഗഡു തുക സെക്ഷനിലെ തിരക്ക് കാരണം രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കക്ഷിയുമായി ബന്ധപ്പെടുകയും അധികം കൈപ്പറ്റിയ തുകയിൽ നിന്ന് 10,000/- രൂപ 14/12/2023 തിയ്യതിയിലെ ചെലാൻ നമ്പർ ETR 002384633202324 പ്രകാരം തിരിച്ചടവാക്കിയതായും ബാക്കിയുള്ള തുക (32,000/-) രണ്ട് മാസത്തിനകം തിരിച്ചടവാക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്റർ കാലികമാക്കാത്തത് മൂലമുണ്ടായ അധിക ചെലവ് 04.02.2022-ലെ സെക്ഷൻ ചാർജ് വഹിച്ചിരുന്ന ക്ലാർക്ക്, മേൽ നോട്ട ചുമതലയുള്ള ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-22 ലൈഫ് (PMAY)- ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈഫ്- പി.എം.എ.വൈ (എസ്.സി വിഭാഗം) എന്ന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 2021-22 ൽ കരാർവെച്ച 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ഗുണഭോക്താവിന്റെ വിവരം | നാളിതു വരെ നൽകിയ തുക | അവസാനം ഗഡു കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അനിതാ കുമാരി W/o പ്രസാദ്, കരുവാരകുണ്ട് (KL145455159) | 268000/- | 10.03.2023 |
| 2 | അമ്പിക W/o രവികുമാർ, അമരമ്പലം (KL143556864) | 120000/- | 26.03.2022 |

ഭവന നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[ഓഡിറ്റ് എൻക്വയറിക്ക് (04/14.12.2023) ലഭ്യമാക്കിയ മറുപടിയിൽ കക്ഷികൾക്ക് കത്ത് നൽകിയതായും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്]

## 1-23 വാങ്ങലുകൾക്ക് TDS ഈടാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ എന്ന പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലുകളിൽ GST -യുടെ TDS വരുത്തിയിട്ടില്ല. ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾ 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ ജി.എസ്.ടി TDS ഇനത്തിൽ 2 ശതമാനം ഈടാക്കേണ്ടതാണ്. TDS കുറവ് ചെയ്ത് റിട്ടേൺ ഫയൽ ചെയ്യാത്തത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ വിവരം | നൽകിയ തുക |
|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ (135/23)<br>[14 Laptop, സപ്ലൈയർ: Infodot Networking Company, Chq No. JN-4461911/31.08.2022] | 616000/-<br>[Tax കിഴിച്ചുള്ള തുക 550000/-] |

TDS ഈടാക്കാതെ സപ്ലൈയർ -ക്ക് തുക അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറിക്ക് (05/14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-24 കരുവാരകുണ്ട് CHC-യിലേക്ക് മരുന്ന് വാങ്ങൽ- 90,047/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (കരുവാരകുണ്ട് CHC) നിർവ്വഹണം നടത്തിയ കരുവാരകുണ്ട് CHC-യിലേക്ക് മരുന്ന് വാങ്ങൽ (154/23) എന്ന പ്രൊജക്റ്റ് പ്രകാരം CHC- യിലേക്ക് മരുന്ന് വാങ്ങുന്നതിന് 2,60,956/- രൂപ KMSCL ന് നൽകിയിട്ടുണ്ട്. ആയതിൽ 90,047/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| അടങ്കൽ/ ചെലവ് | 900000/ 872102(MG Non Road) |
| പെർഫോർമ ഇൻവോയിസ് | PRF5839/28.03.2023 |
| Bill No | 21701533463/28.03.2023, Rs.260956/- |

12 ഇൻവോയിസുകളിലായി 1,70,909/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 90,047/- രൂപയുടെ മരുന്ന് കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറിക്ക് (14/14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബ്ലോക്ക് ഓഫീസിന്റെ മുകളിലുള്ള ഓഡിറ്റോറിയം നവീകരണം- അധികച്ചെലവ്.

*(ഖണ്ഡിക 1-19-ൽ ചേർത്ത അപാകതയുടെ വിശദാംശങ്ങൾ)*

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ബ്ലോക്ക് ഓഫീസിന്റെ മുകളിലുള്ള ഓഡിറ്റോറിയം നവീകരണം (124/23) എന്ന പ്രൊജക്റ്റിൽ ഇനം 7&17 ആയി ഉൾപ്പെടുത്തി ഓഡിറ്റോറിയത്തിലേക്ക് സ്റ്റെയർ നിർമ്മിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 1.6mm കനം ഉള്ള 100*50 – Rectangular Hollow Section (Coefficient- 3.69 Kg/m) സ്റ്റീൽ പൈപ്പുകളാണ് സ്റ്റെയർ നിർമ്മിക്കാൻ ഉപയോഗിക്കേണ്ടത്. എന്നാൽ 1.4mm കനം ഉള്ള 100*50 – Rectangular Hollow Section (Coefficient- 3.24 Kg/m) സ്റ്റീൽ പൈപ്പുകൾ കൊണ്ടാണ് സ്റ്റെയർ നിർമ്മിച്ചിട്ടുള്ളതെന്ന് 13.12.2023-ന് അസി. എൻജിനീയറുടെ സാനിധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു (കനം 1.4mm എന്ന് പൈപ്പിൽ സീൽ ചെയ്തിട്ടുണ്ട്- Coefficient- 3.24 Kg/m). 1.6mm കനമുള്ള സ്റ്റീൽ പൈപ്പുകൾ ഉപയോഗിച്ചതായി M Book-ൽ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ്/ഫണ്ട് | 817410/392427/ CFC ഗ്രാന്റ് |
| ടി എസ് | 73847/2022 |
| കരാർ | AE/KKV/BP/55/22-23/ 08.02.2023 |
| പ്രൈസ് ID | 73847/2022 |
| ബിൽ റഫറൻസ് നമ്പർ / തീയതി | 22151363021601339658/13.03.2023 |
| കരാറുകാരൻ | Abdul Majeed N |

| വിവരണം | തൂക്കം (Kg) |
|---|---|
| M Book-ൽ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയ പർലിന്റെ തൂക്കം (Item 7 & Item 17- Part) | 1398.51 Kg<br>[Ie, (379 Meter * Coefficient @ 3.69 Kg/m)] |
| യഥാർത്ഥ തൂക്കം | 1227.96 Kg<br>[Ie, (379 Meter * Coefficient @ 3.24 Kg/m)] |
| അധികം (തൂക്കം) | 170.55 Kg [Ie, 1398.51 Kg-1227.96 Kg] |
| നൽകിയ തുക | 197138/-<br>[Ie, (1398.51 Kg * 119.46/kg – Item Rate Tender) + 18% GST] |
| നൽകാവുന്ന തുക | 173097/-<br>[Ie, (1227.96 Kg * 119.46/kg – Item Rate Tender) + 18% GST] |
| അധികം നൽകിയ തുക | 24,041/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/14.12.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 24,041/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് അളവെടുത്ത അസിസ്റ്റന്റ് എൻജിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റ് നം., പേര് | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 4998000 | 56/23-ലൈഫ്, PMAY ഭവന നിർമ്മാണം-ജനറൽ | 4998000 | 0 |
| ജില്ലാ പഞ്ചായത്ത് | 385000 | 57/23-ലൈഫ്, PMAY ഭവന നിർമ്മാണം-പട്ടികജാതി | 385000 | 0 |
| ജില്ലാ പഞ്ചായത്ത് | 389000 | 58/23-ലൈഫ്, PMAY ഭവന നിർമ്മാണം-പട്ടികവർഗ്ഗം | 389000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ഇല്ല.

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,43,47,566/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,39,82,399/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,041/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24,041/- | ശ്രീ. സിനിമോൻ സി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ(12021/-)<br>ശ്രീ. അനിൽകുമാർ എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (12020/-) |
| ആകെ | | 24,041/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. സിനിമോൻ സി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | ചിറയിൽ ഹൌസ്, അരിമണൽ പി.ഒ, കണാരംപടി, മലപ്പുറം ജില്ല - 676525 |
| ശ്രീ. അനിൽകുമാർ എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | യോഗത്ത് (ഹൗസ്), മണ്ണാർമല പി.ഒ., പട്ടിക്കാട്, മലപ്പുറം ജില്ല 679325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.4/1747/2017 തിയ്യതി 29.05.2019 | 17 |
| 2013-14 | കെ.എസ്.എ.എം.പി.എം.4/2898/2019 തിയ്യതി 15.09.2020 | 4 |
| 2014-15 | കെ.എസ്.എ.എം.പി.എം.14/1745/2020 തീയ്യതി.21.12.2020 | 10 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/54/2020 തിയ്യതി.15-09-2020 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/882/2021 തിയ്യതി.12.10.2021 | 3 |
| 2017-18 | കെ.എസ്.എ.എം.പി.എം.4/883/2021 തിയ്യതി.10.11.2021 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/1255/2020 തിയ്യതി.12.10.2021 | 4 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/1317/2023 തിയ്യതി.06.07.2023 | 5 |
| 2020-21 | കെ.എസ്.എ.എം.പി.എം.4/1193 /2022 തിയ്യതി.11.07.2023 | 10 |
| 2021-22 | കെ.എസ്.എ.എം.പി.എം.4/209 /2023 തിയ്യതി.03.06.2023 | 16 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 24-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kalikavu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalikavu Block Panchayat for the year 2022-2023

Date: 22/12/2023

Senior Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Kalikavu Block Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.

   i. Ratios
   ii. Notes on accounts
   iii. Comparative amounts

2. Passbook/ Bank statement not produced for verification.
3. Asset register is not up to date and is not reliable for audit.
4. Calculation sheet of depreciation not produced for verification.

5. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
6. Separate ACR maintained for different accounts.
7. Advance register is not up to date and is not reliable for audit.
8. Abstract is not recorded in the rent register and not certified.
9. Details of Liability under the head Other Trust or Agency Funds are not provided.
10. Mismatch between schedule B-4 and B-17.
11.Details of receipts under Miscellaneous Receipt are not provided.
12. Deposit register is not up to date and is not reliable for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്